# പതിമൂന്നാം കേരളനിയമസഭ
## അഞ്ചാം സമ്മേളനം

| | |
|---|---|
| നക്ഷത്ര ചിഹ്നമിടാത്ത | 05-07-2012 - ൽ |
| ചോദ്യം നമ്പർ - 5377 | മറുപടിക്ക് |

## മലപ്പുറത്തെ അക്ഷയ സംരംഭകരുടെ പ്രശ്നങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.പി. ഉബൈദുള്ള : | ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി) |
| (എ) മലപ്പുറം ജില്ലയിലെ കടക്കെണിയിൽ അകപ്പെട്ട അക്ഷയ സംരംഭകർ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) സംരംഭകരുടെ വായ്പകൾ എഴുതിതള്ളാൻ ബാങ്കുകളുമായി ചർച്ച നടത്തിയിരുന്നോ; എങ്കിൽ വിശദാംശം നൽകുമോ; | (ബി) മലപ്പുറം ജില്ലയിലെ അക്ഷയസംരംഭകരുടെ വായ്പാ ബാദ്ധ്യത സംബന്ധിച്ച് സർക്കാർ പ്രഖ്യാപിച്ച ഒറ്റതവണ പദ്ധതി നടപ്പിലാക്കുന്നതിനായി അക്ഷയയുടെ ചീഫ് കോർഡിനേറ്റർ കൂടിയായ മലപ്പുറം ജില്ലാകളക്ടറുടെ സാന്നിദ്ധ്യത്തിൽ ബാങ്ക് പ്രതിനിധികളുമായി ചർച്ചകൾ നടത്തുകയും ഒറ്റതവണ തീർപ്പാക്കൽ പദ്ധതി സമയബന്ധിതമായി നടപ്പിൽ വരുത്തുവാൻ ആവശ്യമായ തീരുമാനങ്ങൾ കൈക്കൊള്ളുകയുമുണ്ടായി. |
| (സി) ഗോൾഡൻ നിക്ക അവാർഡ് നേടിയ മലപ്പുറം ജില്ലയിലെ സംരംഭകരിൽ കടബാധ്യതയുള്ളവർക്ക് കടാശ്വാസം പ്രഖ്യാപിക്കുന്നതിനോ കടം എഴുതിതള്ളുന്നതിനോ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ ;<br><br>ഡി) അക്ഷയ സംരംഭകരുടെ പ്രശ്നങ്ങൾ പരിഹരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ ? | (സി) (സി) യും (ഡി) യും<br><br>മലപ്പുറം ജില്ലയിലെ കടക്കെണിയിൽപ്പെട്ട അക്ഷയ സംരംഭകരെ സഹായിക്കുവാൻ ഒറ്റതവണ തീർപ്പാക്കൽ പദ്ധതി നടപ്പിലാക്കി വരുന്നു. പ്രസ്തുത പദ്ധതിപ്രകാരം, അക്ഷയ സംരംഭകർ എടുത്ത ബാങ്ക് ലോണിന്റെ പലിശയും പിഴപലിശയും കുടിശ്ശികയായ മുതലിന്റെ 25%-വും ബാങ്ക് എഴുതി തള്ളുകയും ബാക്കി വരുന്ന 75% മുതലിന്റെ 37.5% സർക്കാർ നൽകുകയും ചെയ്യും. ബാക്കി വരുന്ന 37.5% സംരംഭകൻ അടച്ചാൽ മതിയാകും. ഒറ്റതവണ തീർപ്പാക്കൽ പദ്ധതി പ്രകാരം അക്ഷയ സംരംഭകർ അവരുടെ വിഹിതം അടച്ചാൽ മാത്രമേ സർക്കാരിന്റെ വിഹിതം അടക്കുകയുള്ളു. |

പ്രസ്തുത പദ്ധതിയുടെ പരിധിയിൽ വരുന്ന 265 സംരംഭകരിൽ 99 പേരുടെ കണക്കുകൾ മാത്രമേ ഈ പദ്ധതി പ്രകാരം തീർപ്പാക്കിയിട്ടുള്ളു. 102 സംരംഭകർ അവരുടെ വിഹിതം അടച്ചിട്ടില്ല. ജപ്തി നടപടികൾ താൽക്കാലികമായി നിർത്തിവെക്കുവാൻ ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ഒറ്റതവണ തീർപ്പാക്കൽ പദ്ധതി പൂർണ്ണമായി നടപ്പിലാക്കാൻ വേണ്ട നടപടി സ്വീകരിച്ചു വരുന്നു.

**സെക്ഷൻ ആഫീസർ**